No.CEE/3600/2021/5LL.B/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# പത്രക്കുറിപ്പ്

## ത്രിവത്സര എൽ.എൽ.ബി/പഞ്ചവത്സര എൽ.എൽ.ബി/എൽ.എൽ.എം/എം.ബി.എ (കെമാറ്റ്) 2021 ഓൺലൈൻ പ്രവേശന പരീക്ഷ അഡ്മിറ്റ്കാർഡുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

**2021 ആഗസ്റ്റ് 11, 12, 13 തീയതികളിൽ നടത്തുന്ന**പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽഎൽ.ബി /ത്രിവത്സര എൽഎൽ.ബി/എൽ.എൽ.എം/എം.ബി.എ (കെമാറ്റ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾക്ക് ഓൺ ലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽഎൽ.ബി/കെമാറ്റ് ഓൺലൈൻ പരീക്ഷകളുടെ '**Admit Card**' 04.08.2021 വൈകീട്ട് മുതലും ത്രിവത്സര എൽഎൽ.ബി/ എൽ.എൽ.എം കോഴ്സുകളുടെ '**Admit Card**' 05.08.2021 ഉച്ചക്ക്ശേഷവും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ താഴെ പറയുന്ന ലിങ്കുകളിൽ നിന്നും ലഭ്യമാകുന്നതാണ്.

| കോഴ്സ് | ലിങ്ക് |
|---|---|
| പഞ്ചവത്സര എൽഎൽ.ബി. | **'Integrated Five Year LL.B 2021 - Candidate Portal'** |
| ത്രിവത്സര എൽ.എൽ.ബി | **'Three Year LL.B 2021 - Candidate Portal'** |
| എൽ.എൽ.എം | **'LLM 2021 - Candidate Portal'** |
| എം.ബി.എ (കെമാറ്റ്) | **'KMAT 2021 - Candidate Portal'** |

അതാത് കോഴ്സുകളുടെ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ **ആപ്ലിക്കേഷൻ നമ്പറും, പാസ്‌വേഡും** കൃത്യമായി നൽകിയതിനുശേഷം '**Admit Card**' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

അപ്‌ലോഡ് ചെയ്ത ഓൺലൈൻ അപേക്ഷയിലെ പേര്, ഒപ്പ്, ഫോട്ടോ എന്നിവയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അവർക്ക് ഹോം പേജിലെ '**Memo**' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. അത്തരം അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **07.08.2021 വൈകീട്ട് 5 മണിക്കു** മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. തപാൽ/ ഇ–മെയിൽ/ ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്നതല്ല.

ഹെൽപ്പ് ലൈൻ നമ്പർ: **0471–2525300**

03.08.2021
തിരുവനന്തപുരം

**പ്രവേശന പരീക്ഷാ കമ്മീഷണർ**